# പൗരാവകാശരേഖ

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

## ആമുഖം

കൃഷിയിലും അനുബന്ധമേഖലും സമ്പൂർണ്ണവിജ്ഞാനവ്യാപനം എന്ന ആശയം പ്രാവർത്തികമാക്കാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഇൻഫർമേഷൻ സർവീസുകൾ സംയോജിപ്പിച്ച് ഒരു ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങുകയെന്ന ആവശ്യം 1969 ജനുവരി ഒന്നിന് യാഥാർത്ഥ്യമായി. കാർഷികരംഗത്തെ ഗവേഷണ ഏജൻസികളേയും കാർഷിക വികസനവകുപ്പുകളേയും കർഷകസമൂഹവുമായി ബന്ധിപ്പിക്കുന്ന കരുത്തുറ്റ കണ്ണിയാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ. ഗവേഷണസ്ഥാപനങ്ങൾ കാലാകാലങ്ങളിൽ കണ്ടെത്തുന്ന പുതിയ അറിവുകളും പുതിയ കണ്ടെത്തലുകളും വിവിധ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ച് വാർത്താമാധ്യമങ്ങൾവഴിയും കേരളകർഷകൻ മാസികയിലൂടെയും ഫാംഗൈഡിലൂടെയും ലക്ഷക്കണക്കിന് കർഷകരുടെ പക്കലെത്തിക്കുക എന്നതാണ് ബ്യൂറോയുടെ ദൗത്യം. കഴിഞ്ഞ നാലു പതിറ്റാണ്ടായി ഇത് അനുസ്യൂതം തുടരുകയാണ്.

## ചരിത്രവഴികളിൽ ഞങ്ങൾ

1969 ജനുവരി ഒന്നിന് അന്നത്തെ കൃഷിമന്ത്രിയായിരുന്ന ശ്രീ.എം.എൻ ഗോവിന്ദൻനായർ ഫാം ഇൻഫർമേഷൻ ബ്യൂറോ ഉത്ഘാടനം ചെയ്തു.കേരളത്തിലെ കാർഷിക വിജ്ഞാനവ്യാപനത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ മുൻകൃഷിഡയറക്ടർ ആർ.ഹേലിയായിരിന്നു ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രഥമ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ.ബ്യൂറോ ആദ്യം ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിച്ചത്. 1954-ൽ തിരുവിതാംകൂർ- കൊച്ചി സംസ്ഥാനത്തിലെ കൃഷിവകുപ്പാണ് കേരള കർഷകൻ ആദ്യം പ്രസിദ്ധീകരിച്ചത്. 12 അണയായിരുന്നു കേരളകർഷകന്റെ വാർഷികവരിസംഖ്യ. എന്നാൽ മെച്ചപ്പെട്ട അച്ചടി സംവിധാനംങ്ങളുടെ അപര്യാപ്തതമൂലം കേരളകർഷകൻ തുടർച്ചയായി ഇറക്കാൻ സാധിച്ചിരുന്നില്ല.1956-ൽ ടെക്നിക്കൽ കോ-ഓപ്പറേഷൻ മിഷൻ പദ്ധതിയുടെ കീഴിൽ ഡേവിഡ്സൺ ഡ്യൂപ്ലിക്കേറ്റർ മെഷീൻ കേരളകർഷകൻ അച്ചടിക്കായി ലഭിച്ചെങ്കിലും ഇതും ഉദ്ദേശിച്ച ഫലം ചെയ്തില്ല. 1956-ൽ കൃഷിവകുപ്പിന് കീഴിൽ അഗ്രികൾച്ചറൽ ഇൻഫർമേഷൻ സർവീസിനു രൂപംകൊടുത്തപ്പോൾ കേരള കർഷകന്റെ അച്ചടിയുടെ ചുമതല ഈ വിഭാഗത്തിനു കൈമാറി. കേരളസംസ്ഥാനം രൂപംകൊണ്ടപ്പോൾ ഒരു മുഴുവൻ സമയ എഡിറ്ററായി ശ്രീ.ആർ.ഹേലിയെ നിയമിക്കുകയും 1957 ഒക്ടോബറിൽ കേരളകർഷകൻ

മെച്ചപ്പെട്ട രൂപത്തിൽ മാസികയായി പുറത്തിറങ്ങി. തുടർന്ന് 1969-ൽ ഫാം ഇൻഫർമേഷൻ ബ്യൂറോ രൂപീകൃതമായപ്പോൾ കേരളകർഷകന്റെ പ്രസിദ്ധീകരണചുമതല ബ്യൂറോയ്ക്ക് നൽകി. ആരംഭകാലത്ത് 1500 കോപ്പികൾ പ്രസിദ്ധീകരിച്ചിരുന്നത് 1969 ആയപ്പോഴേക്ക് 35000 ആയി മാറി. 1970-ൽ ഇത് ദ്വൈവാരിക യായി പ്രസിദ്ധീകരിച്ചുതുടങ്ങി. കേരളത്തിലെ കാർഷികമേഖലയിലും അച്ചടിരെഗത്തും പിൽക്കാലത്ത് വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ രൂപകല്പനയിൽ 2004 ജൂൺ മുതലാണ് ദ്വൈവാരിക മാറി മാസിക യായി കേരളകർഷകൻ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ഇതോടനുബന്ധിച്ച് മാസിക കൂടിതൽ ജനകീയ മാക്കുന്നതിനും 'റീഡർഫ്രണ്ടിലി' ആക്കുന്നതിനും നിരവധി നടപടികളും സ്വീകരിച്ചു. ഒരു സർക്കാർ മാസികയ്ക്ക് ഇദംപ്രഥമായി എല്ലാ ജില്ലകളിലും വായനക്കാരുടെ 'റീഡേഴ്സ്ഫോറങ്ങൾക്ക്' തുടക്കം കുറിച്ചു. മാസികയുടെ വർദ്ധിച്ചുവരുന്ന അച്ചടിക്കൂലിയുമായി ഒരു പരിധിവരെയെങ്കിലും പൊരുത്തപ്പെ ടാൻ വരിസംഖ്യയിൽ നേരിയ വർദ്ധന വരുത്തി. ഒപ്പം കൂടുതൽ ഫീൽഡ് സെയിസ്ഡ് ഫീച്ചറുകളും തയ്യാ റാക്കിത്തരുവാൻ ലേഖകർക്കും എഴുത്തുകാർക്കും പ്രചോദനമേകുന്നതിന് ലേഖനരചയ്ക്കുള്ള പ്രതി ഫലത്തുക വർദ്ധിപ്പിച്ചു. അച്ചടിയിലും ലേ-ഔട്ടിലും എഡിറ്റിംഗിലും മുഖചിത്ര അവതരണത്തിലുമെല്ലാം തികഞ്ഞ പ്രെഫഷണലിസം കൊണ്ടുവരാനായി എന്നതാണ് തുടർന്നങ്ങോട്ട് കാര്യമായ മത്സരമുണ്ടാ യിട്ടുകൂടി 'കേരളകർഷകന് ' വായനക്കാർക്കിടയിൽ കൂടുതൽ അംഗീകാരവും വിശ്വാസ്യതയും മറ്റും നേടാൻ സഹായകമായത്.  കോപ്പികളുടെ എണ്ണത്തിൽ തുടർന്ന് സംഭവിച്ച ഗണ്യമായ വർദ്ധനയും ഇതിന്റെ അനന്തരഫലമാണ്. ഇപ്പോൾ കോപ്പികളുടെ എണ്ണം ഏകദേശം 80000 ആയി.

കർഷകർക്ക് ഉപയോഗപ്രദമായ ധാരാളം ലഘുലേഖകളും പുസ്തകങ്ങളും, പോസ്റ്ററുകളും, ഫാംഗൈഡും ബ്യൂറോ പ്രസിദ്ധീകരിച്ച് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തിരുന്നു. ഈ പ്രസി ദ്ധീകരണങ്ങളും സമാനമായ മറ്റ് ഏജൻസികൾ പ്രസിദ്ധീകരിക്കുന്ന കാർഷിക പ്രസ്ദ്ധീകരണങ്ങളും കർഷ കർക്ക് കൂടുതൽ പ്രാപ്യമാക്കുന്നതിന് ബ്യൂറോ ഫാംബുക്ക് കോർണറുകൾക്ക് തുടക്കം കുറിച്ചു. കേരള ഗ്രന്ഥശാലസംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പി ലാക്കിയത്. 1974 മാർച്ച് 4-ന് അന്നത്തെ കൃഷിമന്ത്രി ശ്രീ.വക്കം പുരുഷോത്തമൻ ഇതിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.1970 മുതൽ ബ്യൂറോ ഫാംഗൈഡ് ഇറക്കാൻ തുടങ്ങി. കൃഷി അനുബന്ധമേഖലകളിലെ ഉദ്യോഗസ്ഥർക്ക് പെട്ടെന്ന് റഫർ  ചെയ്യാവുന്ന വിവരങ്ങളുൾക്കൊള്ളുന്ന ഫാം ഡയറിയാണ് ഫാംഗൈഡ്.

1970 മുതൽ ബ്യൂറോ ഫാംഗൈഡ് ഇറക്കാൻ തുടങ്ങി. കൃഷി അനുബന്ധമേഖലകളിലെ ഉദ്യോഗസ്ഥർക്ക് പെട്ടെന്ന് റഫർ ചെയ്യാവുന്ന വിവരങ്ങളുൾക്കൊള്ളുന്ന ഫാം ഡയറിയാണ് ഫാംഗൈഡ്.

1960-കളിൽ ബ്യൂറോ ചലച്ചിത്രപ്രദർശനം ആരംഭിച്ചു . ഉത്സവങ്ങൾ, പ്രദർശനങ്ങൾ, മേളകൾ തുടങ്ങി യവയോടനുബന്ധിച്ച് ബ്യൂറോ സിനിമാപ്രദർശനം നടത്തിയിരുന്നു. 1964-ൽ ബ്യൂറോ ഒരു ചല ച്ചിത്രം നിർമ്മിച്ചു. 'നിന്റെ ഭൂമി വിളിക്കുന്നു. ' 1964 നവംബർ 17-ന് മുഖ്യമന്ത്രി ആർ.ശങ്കർ തിരുവനന്തപുരം ശ്രീകുമാർ തീയേറ്ററിൽ വച്ച് ചലച്ചിത്രം ഉത്ഘാടനം ചെയ്തു. ആറന്മുള പൊന്നമ്മ, ശ്രീ.ജോസ്പ്രകാശ് തുടങ്ങിയവർ അഭിനയിച്ച ഈ ചിത്രത്തിന്റെ ഗാനരചന ശ്രീ.ഒ.എൻ.വി കുറുപ്പും ആലാപനം ശ്രീ.കമുകറ പുരുഷോത്തമനായിരുന്നു.

1974-ലെ വിഷുദിനത്തിൽ ആൾ ഇൻഡ്യ റേഡിയോ പ്രഥമ ഫാംന്യൂസ് പ്രക്ഷേപണം ചെയ്തു. കർഷകർക്ക് വികസനവകുപ്പുകൾ ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ അനുവർത്തിക്കേണ്ട കൃഷി പരിചരണമുറകൾ, ബാങ്കുകൾ, സർവീസ് സഹകരണസംഘങ്ങൾ എന്നിവ ലഭ്യമാക്കുന്ന വായ്പ കൾ, രോഗകീടബാധ സംബന്ധിച്ച മുന്നറിയിപ്പ് തുടങ്ങിയവയായിരുന്നു ഫാംന്യൂസിന്റെ ഉള്ളടക്കം.

ഫാംഫെയർ എന്നപേരിൽ ഗ്രാമീണമേഖലയിൽ ബ്യൂറോ കാർഷികപ്രദർശനങ്ങൾ സംഘടിപ്പിച്ചി രുന്നു. 1975 ആഗസ്റ്റ്മാസത്തിൽ മാതൃഭൂമി ദിനപത്രത്തിലൂടെ ആദ്യത്തെ കാർഷികരംഗം പംക്തി ആരം ഭിച്ചു. അച്ചടിമാധ്യമങ്ങൾ വഴിയുള്ള കാർഷികവിജ്ഞാനവ്യാപനത്തിലും ബ്യൂറോ സജീവ സാന്നിധ്യം വഹിച്ചിരുന്നു.

1985-ലാണ് തിരുവനന്തപുരം ദൂരദർശൻ വഴി മലയാള സംപ്രഷണമാരംഭിക്കുന്നത്. ദൂരദർശൻ നാട്ടിൻപുറം എന്ന കാർഷികപരിപാടി തുടർച്ചയായി സംപ്രേഷണം ചെയ്യാനാരംഭിച്ചപ്പോൾ ബ്യൂറോയും ആ സ്ലോട്ടിലേക്ക് പരിപാടികൾ നിർമ്മിച്ചുനൽകി. 2004-ൽ നൂറുമേനി എന്ന പേരിൽ തിരുവനന്തപുരം ദൂര ദർശനിൽ ഒരു സ്ഥിരം സ്ലോട്ടുതന്നെ ബ്യൂറോയ്ക്ക് ലഭിച്ചു.

കേരളത്തിലെ കാർഷികരംഗം പംക്തികളും കാർഷികവിജ്ഞാനവ്യാപനം പൊതുവേയും മെച്ച പ്പെടുത്തുന്നതിന് പത്രപ്രവർത്തകരും കാർഷികരംഗം എഴുത്തുകാരും വികസനോദ്യോഗസ്ഥരും ഗവേ ഷകരുമൊക്കെ തമ്മിൽ ഒരു സമന്വയം നടത്തുന്നതിനുവേണ്ടി 1980 മാർച്ചിൽ കാർഷികരംഗം ശില്പശാല ആരംഭിച്ചു.

2001-ൽ ബ്യൂറോയ്ക്ക് സ്വന്തമായി കവടിയാറിൽ ഒരു മന്ദിരം പണിതു. 2009-ൽ ഹരിശ്രീ എന്ന കൃഷിപ്പാട്ടുകളുടെ ഓഡിയോ സി.ഡി നിർമ്മിച്ചു.

## ഞങ്ങളുടെ പ്രവർത്തനങ്ങൾ

1969-ൽ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ വിജ്ഞാനവ്യാപന വിഭാഗങ്ങൾ സംയോജിപ്പിച്ച് രൂപം നൽകിയ സ്ഥാപനമാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്യൂറോയ്ക്ക് ഇന്ന് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകളുണ്ട്. കാർഷികോല്പാദന കമ്മീഷണർ അധ്യക്ഷനായ ഉപദേശകസമിതി ബ്യൂറോയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളുടെയും ദേശകസമിതി ബ്യൂറോയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളുടെയും കൃഷി-മൃഗാസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ മേഖലകളിലെ പുത്തനറിവുകളും ഗവേഷണഫലങ്ങളും സമയബന്ധിതമായും കാലാകാലങ്ങളിലും കർഷകരിലെത്തിക്കുക എന്നതാണ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനോദ്ദേശം.

### ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രധാന പ്രവർത്തനങ്ങൾ

**കേരളകർഷകൻ വിഭാഗം**

കേരളത്തിലെ ആദ്യത്തെ കാർഷിക മാസികയായ കേരളകർഷകൻ 1954 മുതൽ അച്ചടിച്ചു വരുന്നു. ഏറ്റവും കുറഞ്ഞവിലയ്ക്ക് വില മതിക്കാനാവാത്ത വിവരങ്ങൾ പകർന്നു നൽകുന്ന മറ്റൊരു കാർഷികമാസികയും കേരളത്തിലില്ല. ഒരു ലക്ഷത്തോളം വരിക്കാർ കേരളകർഷകനുണ്ട്.

**പബ്ലിക്കേഷൻ വിഭാഗം**

കൃഷി അനുബന്ധ മേഖലകളിലേക്ക് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച ലഘുലേഖകൾ, ബുക്ക്ലെറ്റുകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ തുടങ്ങിയവയും ഓരോവർഷത്തെയും ഫാംഗൈഡും പ്രസിദ്ധീകരിക്കുന്ന പ്രവർത്തനം ഇവിടെ നടക്കുന്നു.

**മീഡിയ ലെയ്സൺ വിഭാഗം**

കൃഷി-മൃഗസംരക്ഷണം-ക്ഷീരവികസനം എന്നീ വകുപ്പുകൾക്ക് ആവശ്യമായിവരുന്ന മീഡിയ പബ്ലിസിറ്റി പത്രമാധ്യമങ്ങളിലൂടെയും, ആകാശവാണി, ദൂരദർശൻ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും

കേരളത്തിലുടനീളമുള്ള ജനങ്ങളിലെത്തിക്കുക എന്ന പ്രവർത്തനം നടത്തി വരുന്നു. പ്രധാന പദ്ധതിനേട്ടങ്ങളും മറ്റും പത്രപ്രവർത്തകരുമായി നേരിട്ട് തവർത്തകരുമായി നേരിട്ട് പങ്കിടുന്നതിന് വർഷത്തിലൊരിക്കൽ ഒരു മാധ്യമവർക്ക്ഷോപ്പും ഫാം ഫീച്ചർ വർക്ക്ഷോപ്പും സംഘടിപ്പിക്കുന്നു. ഈ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ, നയങ്ങൾ, പ്രവർത്തനങ്ങൾ, പൊതുപരിപാടികൾ എന്നിവ സംബന്ധിച്ച് വിവിധ വാർത്താമാധ്യമങ്ങളിൽ വാർത്തകൾ കൊടുക്കുന്നതും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കുവേണ്ടി പത്രസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതും ബ്യൂറോയാണ്. ഫരിതദളം എന്ന പേരിൽ ദ്വൈവാര വാർത്താപത്രികയും പ്രസിദ്ധീകരിക്കുന്നു. ആകാശവാണിയിലും ദൂരദർശനിലും കാർഷികമേഖലാ വാർത്തകളും നൽകിവരുന്നു.

എക്സിബിഷൻ

ഗ്രാമീണ കാർഷികമേളകൾ തൊട്ട് ഇന്റർനാഷനൽ ട്രേഡ്ഫെയർ വരെയുള്ള പ്രദർശനങ്ങളിലും ടൂറിസം വാരാഘോഷവുമായും മറ്റും ബന്ധപ്പെട്ടുള്ള ഘോഷയാത്രയിലും ബ്യൂറോ പങ്കെടുക്കുന്നു. കൃഷി അനുബന്ധമേഖകലളിലെ വികസന പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്ന പ്രദർശനങ്ങളാന് ബ്യൂറോ സംഘടിപ്പക്കുന്നത്.

ഐ.ടി & വീഡിയോ വിഭാഗം

ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഐ.ടി & വീഡിയോ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ www.fibkerala.gov.in എന്ന വെബ്സൈറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ദുരദർശൻ (മലയാളം) ചാനലിൽ എല്ലാ ഞായറാഴ്ചയും രാവിലെ 9.30-ന് നൂറുമേനി എന്ന കാർഷികപരിപാടി സംപ്രേഷണം ചെയ്യുന്നു.

അഡ്മിനിസ്ട്രേഷൻ & അക്കൗണ്ട്സ് വിഭാഗം

കൃഷിവകുപ്പിലെ ജോയിൻന്റ് ഡയറക്ടർ കേഡറിലുള്ള പ്രിൻസിപ്പിൽ ഇൻഫർമേഷൻ ഓഫീസർ തലവനായും ഒരു കൃഷി ഡെപ്യൂട്ടിഡയക്ടറും കൃഷിവകുപ്പിലെ മൂന്ന് അസിസ്റ്റന്റ് ഡയറക്ടമാരും മൃഗസംരക്ഷണവകുപ്പിലെ 3 അസിസ്റ്റന്റ് ഡയറക്ടമാരും ക്ഷീരവികസന വകുപ്പിലെ ഒരു അസിസ്റ്റന്റ് ഡയറക്ടറും 3 കൃഷിഓഫീസർമാരും 34 നോൺ ഗസറ്റഡ് ജീവനക്കാരും ഇവിടെ സേവനമനുഷ്ഠിക്കുന്നു.ഫാം

**ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഉപദേശക സമിതിയാണ് ബ്യൂറോയുടെ പ്രവർത്തനം വിലയിരുത്തുന്നത്.**

## അറിയുവാനുള്ള അവകാശം വിവരാവകാശ നിയമം

**ഈ നിയമപ്രകാരം ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന വിവരങ്ങൾ അറിയുവാനുള്ള ഫീസ് വിവരം**

| | | |
|---|---|---|
| 1) | അപേക്ഷ ഫീസ് | : 10 രൂപ |
| 2) | പകർപ്പ് ഫീസ് | |
| | A4 സൈസ് പേപ്പർ ഒന്നിന് | : 2 രൂപ |
| | വലിയ പേജ് ഒന്നിന് | : യഥാർത്ഥ ചെലവ് |
| | സാമ്പിൾ മോഡൽ | : യഥാർത്ഥ ചെലവ് |
| 3) | വിവര പരിശോധനയ്ക്ക് ആദ്യ ഒരു മണിക്കൂർ | : ഫീസില്ല |
| 4) | തുടർന്നുള്ള ഓരോ മണിക്കൂറിന് | : 10 രൂപ |
| 5) | ഇലക്ട്രോണിക് ഉപാധിയിൽ | : 50 രൂപ |

## ഞങ്ങളുടെ വിവരാവകാശ സംവിധാനം

| | |
|---|---|
| അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ | : ശ്രീമതി. അനിത സി.എസ്.<br>അഗ്രിക്കൾച്ചറൽ ഓഫീസർ |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | : ഡോ. ബി.എൻ. ബാബുരാജ്<br>ഇൻഫർമേഷൻ ഓഫീസർ |
| അപ്പലേറ്റ് അതോറിറ്റി | : ശ്രീ. എസ്. സുരേഷ് കുമാർ<br>പ്രിൻസിപ്പിൽ ഇൻഫർമേഷൻ ഓഫീസർ |

## ഞങ്ങളുടെ പ്രവർത്തന രീതി വിലയിരുത്തൽ

എല്ലാ മാസവും പ്രിൻസിപ്പിൽ ഇൻഫർമേഷൻ ഓഫീസർ യോഗം നടത്തി പ്രവർത്തന പുരോ ഗതി വിലയിരുത്തുന്നു. ഇതോടൊപ്പം എല്ലാ മാസവും ജില്ലാ ആഫീസർമാരുടെ യോഗം നടത്തി കൃഷി ഡയറക്ടർ പ്രവർത്തന പുരോഗതി വിലയിരുത്തുന്നു. നാലു മാസത്തിലൊരിക്കൽ കാർഷികോല്പാദന

കമ്മീഷണർ ഉപദേശക സമിതി യോഗം നടത്തി പ്രവർത്തനം വിലയിരുത്തുന്നു.

ഞങ്ങളുടെ സ്ഥാപനങ്ങളും ബന്ധപ്പെടാനുള്ള നമ്പറുകളും

| | | |
|---|---|---|
| വെബ്സൈറ്റ് | : | www.fibkerala.gov.in |
| e-mail | : | fibtvm@gmail.com |
| കൃഷി വകുപ്പ് മന്ത്രിയുമായി ബന്ധപ്പെടാനുള്ള ടോൾ ഫ്രീ നമ്പർ | : | 1800 425 4718 |
| പ്രിൻസിപ്പിൽ ഇൻഫർമേഷൻ ഓഫീസർ | : | 2318186<br>2314358<br>2317314 |
| ഫാക്സ് | : | 2318186 |
| റീജിയണൽ ഓഫീസ് എഫ്.ഐ.ബി. എറണാകുളം | : | 0484 2344935 |
| റീജിയണൽ ഓഫീസ് എഫ്.ഐ.ബി. കോഴിക്കോട് | : | 0495 2370368 |